# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **4456** **27.06.2013** - ലെ മറുപടിയ്ക്ക്

## ഹരിത നിർമ്മാണ നയം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഹരിത നിർമ്മാണ നയം നടപ്പാക്കുന്ന പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;<br><br>(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (എ) & (ബി) സർക്കാരിന്റെ ഭാഗത്തുനിന്നും ഹരിത നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി, കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നതിനും ഫ്ളോർഏരിയറേഷ്യോ എന്നിവയിൽ ഇളവ് നൽകുവാനും സോളാർ പാനലുകൾക്ക് സബ്സിഡികൾ വ്യാപകമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. 5 നക്ഷത്ര പദവിയുള്ള നിർമ്മാണങ്ങൾക്ക് 25%, 4 നക്ഷത്ര പദവിയുള്ള നിർമ്മാണങ്ങൾക്ക് 20% തുടങ്ങി ഒരു നക്ഷത്ര പദവിയുള്ള നിർമ്മാണങ്ങൾക്ക് 7.5% വരെ ഇളവ് നൽകുവാനാണ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ നിലവിൽ KMBR - ൽ റൂൾ 31 (2) പ്രകാരം അധികഫീസ് ചുമത്തി FAR - ൽ ഇളവ് നൽകുന്നതിന് പകരം ഈ ആനുകൂല്യം ഹരിത നിർമ്മാണങ്ങൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സോളാർ പാനലുകൾക്കായുള്ള സബ്സിഡികൾ ഹരിത നിർമ്മിതികൾക്കും ലഭ്യമാക്കുവാനുള്ള വ്യവസ്ഥകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. FAR-ലും നികുതിയിലും ഉള്ള ഇളവുകളുടെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തു വരികയാണ്. |

**സെക്ഷൻ ഓഫീസർ**